**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊടുങ്ങല്ലൂർ നഗരസഭ – മണ്ഡല മകര വിളക്കിനോടനുബന്ധിച്ച് ശ്രീകുരുംബ ഭഗവതി ക്ഷേത്രത്തിൽ എത്തിച്ചേരുന്ന അയ്യപ്പ ഭക്തർക്ക് സൗകര്യങ്ങൾ ഒരുക്കുന്നതിന് കൊടുങ്ങല്ലൂർ നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാധാ) നം. 3077/2018/തസ്വഭവ                                        തിരുവനന്തപുരം, തീയതി, 04/12/2018

പരാമർശം:- കൊടുങ്ങല്ലൂർ നഗരസഭാ ചെയർമാന്റെ 03/11/2018 ലെ പി.എച്ച് 1-14565/17 നമ്പർ കത്ത്.

**ഉത്തരവ്**

കേരളത്തിലെ ശബരിമല ഇടത്താവളങ്ങളിൽ പ്രധാനപ്പെട്ട കൊടുങ്ങല്ലൂരിലെ ശ്രീ കുരുംബ ഭഗവതി ക്ഷേത്രത്തിൽ എത്തിച്ചേരുന്ന ഇതര സംസ്ഥാനക്കാർ അടക്കമുള്ള പതിനായിരക്കണക്കിന് അയ്യപ്പ ഭക്തർക്ക് വിശ്രമത്തിനായി താത്ക്കാലിക ഷെഡ്, സൗജന്യ ഭക്ഷണം, ശുദ്ധ ജലം, സൗജന്യ ചികിത്സ, ശൗചാലയം തുടങ്ങിയ സൗകര്യങ്ങൾ കൊടുങ്ങല്ലൂർ നഗരസഭ കഴിഞ്ഞ വർഷം മുതൽ ഒരുക്കി നൽകുന്നുണ്ട്. ഈ വർഷത്തെ മണ്ഡല മകര വിളക്കിനോടുബന്ധിച്ച് 2018 നവംബർ 17 മുതൽ ഡിസംബർ 27-ാം തീയതി വരെ കൊടുങ്ങല്ലൂർ ശ്രീ.കുരുംബഭഗവതി ക്ഷത്രത്തിൽ എത്തിച്ചേരുന്ന ഭക്തർക്ക് ഇടത്താവളത്തിനാവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിലേക്കായി 60 ലക്ഷം രൂപ പ്ലാൻ ഫണ്ടിൽ നിന്ന് ചെലവഴിക്കാൻ നഗരസഭയ്ക്ക് അനുവാദം നൽകണമെന്നും അല്ലാത്ത പക്ഷം തനത് ഫണ്ടിൽ നിന്നും 15 ലക്ഷം രൂപ ചെലവഴിക്കുന്നതിന് അനുമതി നൽകണമെന്നും പരാമർശ കത്ത് പ്രകാരം കൊടുങ്ങല്ലൂർ നഗരസഭാ ചെയർമാൻ അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ കുരുംബ ഭഗവതി ക്ഷേത്രത്തിൽ അയ്യപ്പ ഭക്തർക്ക് ഇടത്താവളം ഒരുക്കുന്നതിനായി കൊടുങ്ങല്ലൂർ നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും 15,00,000/- (പതിനഞ്ച് ലക്ഷം) രൂപ ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
ബീനമോൾ കെ.ജെ
**ഡെപ്യൂട്ടി സെക്രട്ടറി.**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ചെയർമാൻ, കൊടുങ്ങല്ലൂർ നഗരസഭ.
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ